**കേരള സർക്കാർ**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**<u>സർക്കുലർ</u>**

നം.ഉപ.സി.3/ 141 / 2017/ ഉഭപവ    തിരുവനന്തപുരം, തീയതി: 29.07.2022

വിഷയം :- ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് - 01.08.2022 മുതൽ ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1) 20.12.2017 -ലെ ഉപസി3/ 141 / 2017/ ഉഭപവ നമ്പർ സർക്കുലർ.
2) 17.06.2022 -ലെ ഉപസി3/ 141 / 2017/ ഉഭപവ നമ്പർ സർക്കുലർ.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 20.07.2022-ലെ RA 4 (2) 50001 / 18-KPSC നം. കത്ത്.

എല്ലാ വകുപ്പ മേധാവികളും / നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01.01.2018 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലറിൽ ഒഴിവുകൾ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും കേരള പി.എസ്.സി യിലേക്ക് നിലവിലുള്ള രീതിയിൽ (തപാൽ/ ഇ മെയിൽ) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി വിവിധ സർക്കുലറുകളിലൂടെ ദീർഘിപ്പിച്ചു നൽകിയിരുന്നു. നിലവിൽ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സജ്ജരാകാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ പഴയ രീതിയിൽ (തപാൽ/ ഇ മെയിൽ) മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി 31.07.2022 വരെ തുടരുവാനും, ടി തീയതിയ്ക്ക് മുമ്പായി ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ നിർബന്ധമായും പൂർത്തിയാക്കുവാനും എല്ലാ നിയമനാധികാരികൾക്കും സൂചന 2 സർക്കുലറിലൂടെ നിർദ്ദേശം നൽകിയിരുന്നു.

3. ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് ഏകീകൃത രീതിയിൽ ആകേണ്ടതിനാലും, സമയബന്ധിതമായി നിയമന ശിപാർശ നടപടികൾ പൂർത്തീകരിക്കേണ്ടതിനാലും 01.08.2022 തീയതി മുതൽ ഇ-മെയിൽ / തപാൽ മുഖേന ലഭിക്കുന്ന ഒഴിവുകൾ സ്വീകരിക്കേണ്ടതില്ല എന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടെന്നും

ആകയാൽ 01.08.2022 തീയതി മുതൽ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന മാത്രം ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകണമെന്നും സൂചന (3) പ്രകാരം പി. എസ്. സി സെക്രട്ടറി അറിയിച്ചിട്ടുണ്ട്

4. മേൽ സാഹചര്യത്തിൽ, **01.08.2022 മുതൽ പി.എസ്.സി. യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ മാത്രം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.**

**Dr.ആഷാ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
*(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.pard.kerala.gov.in -ൽ* ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ